# X സാമൂഹ്യശാസ്ത്രം I




## സമരവും സ്വാതന്ത്ര്യവും

1. ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടിയെടുക്കാൻ ഗാന്ധിജിക്കു സാധിച്ചതെങ്ങനെ ?

- സാധാരണ ജനങ്ങളുടെ ഭാഷ, ഭക്ഷണം, വസ്ത്രം എന്നിവ സ്വീകരിക്കുക വഴി ഗാന്ധിജി ജനകീയനായി.
- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
- ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങളിൽ ഇടപട്ടു.
- സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന രക്ഷകനായി ജനങ്ങൾ ഗാന്ധിജിയെ കണ്ടു.

2. ഗാന്ധിജി നയിച്ച പ്രാദേശിക സമരങ്ങൾ, പ്രദേശം, വർഷം എന്നിവ ഉൾക്കൊള്ളിച്ച് പട്ടിക തയ്യാറാക്കുക?

| സമരം | പ്രദേശം | വർഷം |
|---|---|---|
| ചമ്പാരനിലെ നീലം കർഷകരുടെ സമരം | ബിഹാർ | 1917 |
| അഹമ്മദാബാദിലെ തുണിമിൽ സമരം | ഗുജറാത്ത് | 1918 |
| ഖേഡയിലെ കർഷകസമരം. | ഗുജറാത്ത് | 1918 |

3. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാം?

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.
- വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു.
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.
- എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി.

SPJ MTDMHSS THONDERNA

4. "പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിനു അടിത്തറയിട്ടെങ്കിൽ  ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടിഷ് ഭരണത്തിന്റെ അടിത്തറയിളക്കി" - ഗാന്ധിജിയുടെ ജാലിയൻവാലാബാഗ് സംഭവത്തെക്കുറിച്ചിച്ചുള്ള പ്രതികരണം ഇന്ത്യയിലുണ്ടായ ഏതെല്ലാം മാറ്റത്തെ സൂചിപ്പിക്കുന്നു.

- ബ്രിട്ടിഷ് ഭരണത്തോടുള്ള എതിർപ്പ് ശക്തമായി.
- ദേശീയ പ്രസ്ഥാനം ബഹുജന പ്രസ്ഥാനമായി.
- ദേശീയപ്രസ്ഥാനം ഇന്ത്യയിലെമ്പാടും വ്യാപിച്ചു.

5. റൗലറ്റ് നിയമം ബ്രിട്ടിഷ് പാർലമെന്റ് പാസാക്കിയ വർഷം?

- 1919

6. റൗലറ്റ് നിയമം പാസ്സാക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു? ഇതിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു?

- ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ ഭീകരവാദ പ്രവർത്തനങ്ങളെ തടയുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി.
- വിചാരണ കൂടതെ ആരെയും തടങ്കലിൽ വയ്ക്കാമായിരുന്നു.

7. ജാലിയൻവാലാബാഗ് സംഭവത്തെക്കുറിച്ച് കുറിപ്പെഴുതുക.

- റൗലറ്റ് നിയമങ്ങൾക്കെതിരെ പഞ്ചാബിൽ പ്രതിഷേധിച്ച സെയിഫുദ്ദീൻ കിച്ച്ലു, സത്യപാൽ എന്നിവരുടെ അറസ്റ്റിനെതിരെ പ്രതിഷേധിക്കാൻ ജനങ്ങൾ അമൃതസറിലെ ജാലിയൻ വാലാബാഗിൽ ഒത്തുകൂടി.
- ജനറൽ ഡയറിന്റെ നേതൃത്വത്തിൽ നിരായുധരായ ജനക്കൂട്ടത്തിനുനേരെ നിറയൊഴിച്ചു.
- അനേകം ആളുകൾ മരണമടഞ്ഞു.
- ഇന്ത്യയിലെങ്ങും ജനരോഷം ശക്തമായി.
- ദേശീയ പ്രസ്ഥാനം ശക്തമായി.

8. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

- വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക
- വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക.
- വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക.
- തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.

9. ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ചതെങ്ങനെ?

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.

SPJ MTDMHSS THONDERNAD

- വടക്കൻ ആന്ധ്രയിലെ ഗിരിവർഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉത്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു.
- ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.
- തൊഴിലാളികൾ പണിമുടക്കി.
- വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു.
- വിദ്യാർഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു.
- സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു.

10. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലങ്ങൾ പട്ടികപ്പെടുത്തുക.

- തദ്ദേശീയ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനു പ്രാധാന്യം ലഭിച്ചു.
- ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.
- ദേശീയ വിദ്യാലയങ്ങളുടെ സ്ഥാപനം
- ഹിന്ദി പ്രചാരണം.
- അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിച്ചു.
- ഹിന്ദു - മുസ്ലിം ഐക്യം ശക്തിപ്പെട്ടു.
- ദേശീയ പ്രസ്ഥാനം ഇന്ത്യയുടെ മുക്കിലും മൂലയിലേക്കും വ്യാപിച്ചു.

11. ഇന്ത്യയിലെ ഖിലാഫത്ത് നേതാക്കൾ ആരെല്ലാം?

- മൗലാന മുഹമ്മദലി, മൗലാന ഷൗക്കത്തലി.

12. ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലങ്ങൾ എന്തെല്ലാം?

- ബ്രിട്ടിഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി.
- ഹിന്ദു- മുസ്ലിം ഐക്യം ശക്തിപ്പെട്ടു.

13. നിസ്സഹകരണസമരം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച കാരണമെന്ത്?

- ചൗരിചൗരാ സംഭവം.

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD, 9747585905

SPJ MTDMHSS THONDERNAD